മലയാള മനോരമ
02 August 2024

# ഡോ. ഗ്രിൻസൺ ജോർജ് സിഎംഎഫ്ആർഐ ഡയറക്ടർ



ഡോ. ഗ്രിൻസൺ ജോർജ്

കൊച്ചി • ഡോ. ഗ്രിൻസൺ ജോർജ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഡയറക്ടറായി ചുമതലയേറ്റു. സിഎംഎഫ്ആർഐയിലെ സമുദ്ര ജൈവവൈവിധ്യ പരിസ്ഥിതി മാനേജ്മെന്റ് വിഭാഗം മേധാവിയായിരുന്നു. സൗത്ത് ഏഷ്യൻ അസോസിയേഷൻ ഫോർ റീജനൽ കോർപറേഷന്റെ (സാർക്) ധാക്ക കേന്ദ്രത്തിൽ സീനിയർ പ്രോഗ്രാം സ്പെഷലിസ്റ്റായി പ്രവർത്തിച്ചിട്ടുണ്ട്.

മത്സ്യ വിഭവ പരിപാലനം, സമുദ്ര ജൈവവൈവിധ്യം, പരിസ്ഥിതി മാനേജ്മെന്റ്, ഓഷ്യനോഗ്രഫി, റിമോട്ട് സെൻസിങ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ മേഖലകളിൽ 22 വർഷത്തെ ഗവേഷണ പരിചയമുണ്ട്. ദേശീയ-രാജ്യാന്തര തലത്തിൽ വിവിധ ഗവേഷണ പദ്ധതികളുടെ മേധാവിയായിരുന്നു.

കുസാറ്റ്, കുഫോസ് സർവകലാശാലകളിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

കുസാറ്റ്, കുഫോസ്, ആന്ധ്ര സർവകലാശാല, മാംഗ്ലൂർ സർവകലാശാല എന്നിവയുടെ അംഗീകൃത ഗവേഷണ ഗൈഡാണ്. തൃശൂർ ചാലക്കുടി സ്വദേശി.